# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/260/2017 2017 ഡിസംബർ 8

## പത്രക്കുറിപ്പ്

## എം.ജി. വിദ്യാർത്ഥി അദാലത്ത്: 1600 അപേക്ഷകൾ തീർപ്പാക്കി
**(ദയവായി എല്ലാ എഡിഷനുകളും)**

മഹാത്മാഗാന്ധി സർവ്വകലാശാല വിദ്യാർത്ഥികളുടെ പരാതി പരിഹാരത്തിനായി നടത്തിയ അദാലത്തിൽ 1600 അപേക്ഷകൾ തീർപ്പാക്കി. പൊതുസ്വഭാവമുള്ള അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിനായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാർ അടങ്ങുന്ന നിർവ്വഹണ സമിതിയും ഡീൻസ് കമ്മിറ്റിയും ചേർന്ന് നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

ഇതനുസരിച്ച് സർവ്വകലാശാലയിലെ അവസാന ബി.ടെക് ബാച്ചിലെ ഏഴാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് കണ്ടോണേഷൻ ആനുകൂല്യം നൽകി നോഷണൽ രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ട് എട്ടാം സെമസ്റ്ററിലേക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചു.

ബി.ടെക് എട്ടാം സെമസ്റ്ററിൽ ഏതെങ്കിലും വിഷയത്തിന് പരാജയപ്പെടുന്ന വിദ്യാർത്ഥികൾ എട്ടാം സെമസ്റ്റർ പരീക്ഷകൾ മുഴുവനായും വീണ്ടുമെഴുതണമെന്ന വ്യവസ്ഥ ഇളവുചെയ്ത് പരാജയപ്പെടുന്ന വിഷയത്തിന് മാത്രം വീണ്ടും എഴുതിയാൽ മതിയാകും എന്ന് തീരുമാനിച്ചു.

തിയറിയും പ്രാക്ടിക്കലും പ്രോജക്ടും വർക്ക്ഷോപ്പും ഉൾപ്പെടെയുള്ള എല്ലാ ബി.ടെക് വിഷയങ്ങൾക്കും ഇന്റേണൽ റീഡു അനുവദിക്കും.

എല്ലാ ബിരുദബിരുദാനന്തര പരീക്ഷകൾക്കും ഒരു തവണ കൂടി മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നതിനും അദാലത്തിൽ തീരുമാനമായി.

വിവിധ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയം, മാർക്ക്ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ വിതരണത്തിലുള്ള കാലതാമസം, ഗ്രേസ്മാർക്ക് സംബന്ധിച്ച പരാതികൾ തുടങ്ങിയവയ്ക്കും അദാലത്തിൽ ഉടനടി പരിഹാരമായി. ഇന്ന് ലഭിച്ച നൂറോളം പുതിയ പരാതികളും ഇതിൽ ഉൾപ്പെടും.

സർവ്വകലാശാലാ സിൻഡിക്കേറ്റ്, അക്കാദമിക സമിതികൾ, വൈസ് ചാൻസലർ തുടങ്ങി മുഴുവൻ സർവ്വകലാശാലാ ഉദ്യോഗസ്ഥവൃന്ദവും ഒറ്റ മേശയ്ക്ക് ചുറ്റുമിരുന്നപ്പോൾ വർഷങ്ങളായി തീരുമാനമാകാതിരുന്ന നിരവധി വിദ്യാർത്ഥികളുടെ അപേക്ഷകൾക്കാണ് നിമിഷങ്ങൾകൊണ്ട് തീർപ്പായത്. രാവിലെ 10ന് സർവ്വകലാശാലാ അസംബ്ലിഹാളിൽ ആരംഭിച്ച അദാലത്ത്, മുഴുവൻ അപേക്ഷകളിലും നടപടിയെടുത്ത് 5 മണിക്ക് അവസാനിച്ചു.

## സർവ്വകലാശാലകൾ ജനകീയ മുഖം കൈവരിക്കണം – മന്ത്രി സി. രവീന്ദ്രനാഥ്

സർവ്വകലാശാലകൾ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി ജനകീയമുഖം കൈവരിക്കുന്ന സ്ഥാപനങ്ങളായി മാറണമെന്ന് വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ആഹ്വാനം ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന വിദ്യാർത്ഥി അദാലത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനങ്ങൾ സാമാന്യ ജനങ്ങൾക്ക് പ്രാപ്യമാകുന്ന അവസ്ഥ സൃഷ്ടിക്കണമെന്നും സർവ്വകലാശാലകൾ സമൂഹത്തിന്റെ ഉന്നമനത്തിന് രാസത്വരകമായി വർത്തിക്കണമെന്നും മന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർക്കാർ വൻതോതിലുള്ള നിക്ഷേപമാണ് നടത്തുന്നത്. ഇത് സമൂഹത്തിലെ പ്രശ്നപരിഹാരത്തിന് ഉപകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശാസ്ത്രത്തിന്റെ നേട്ടങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കാനുദ്ദേശിച്ചുള്ള ശാസ്ത്രയാൻ പദ്ധതി എം.ജി.യിലും നടപ്പിലാക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

എം.ജി. സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെയും അധികാരികളുടെയും സാമൂഹ്യപ്രതിബ

ദ്ധതയുടെ ഭാഗമായാണ് വിദ്യാർത്ഥികളുടെ ദീർഘനാളായുള്ള പരാതികളിലും അപേക്ഷകളിലും നയപരമായ തീരുമാനമെടുക്കുന്നതിനും സത്വരമായി പരിഹരിക്കുന്നതിനുമുള്ള അദാലത്ത് സംഘടിപ്പിച്ചതെന്ന്, ചടങ്ങിൽ സ്വാഗതമാശംസിച്ച വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു.

ലക്ഷദ്വീപ് വിദ്യാർത്ഥിനിയായ സജ്നാ മറൽ മൈസൂർ സർവ്വകലാശാലയിൽ നിന്നും നേടിയ ട്രിപ്പിൾ മെയിൻ ബി.എസ്.സി. ബിരുദം എം.ജി.യിൽ പി.ജി. പ്രവേശനത്തിന് മതിയായ യോഗ്യതയായി അംഗീകരിക്കണമെന്ന അപേക്ഷ അനുവദിച്ചുകൊണ്ടുള്ള സർവ്വകലാശാലാ ഉത്തരവ് മന്ത്രി വിദ്യാർത്ഥിനിക്ക് കൈമാറിക്കൊണ്ടാണ് അദാലത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. വിദേശ സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ മുതൽ പ്ലെയ്സ്മെന്റ് വരെ ലഭിക്കുന്ന തുടർച്ചയായ സമഗ്ര സഹായം അനുകരണീയ മാതൃകയാണെന്ന് ചടങ്ങിൽ കൃതജ്ഞതയർപ്പിച്ച് സംസാരിച്ച പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. കെ.ഷെറഫുദ്ദീൻ, ഡോ. എ. ജോസ്, ഡോ. എസ്. സുജാത, ഡോ. എ.എം. തോമസ്, പ്രൊഫ. വി.എസ്. പ്രവീൺ കുമാർ, ഡോ. പി.കെ. പത്മകുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എം.എസ്. മുരളി, ഡോ. അജി സി. പണിക്കർ, ഡോ. പി. തോമസ് മാത്യു, ഡോ. റ്റി. വി. തുളസീധരൻ, ഡോ. എം.എസ്. ലത, ഡീൻസ് കമ്മിറ്റി അംഗങ്ങൾ, രജിസ്ട്രാർ എം.ആർ. ഉണ്ണി തുടങ്ങിയവരും പങ്കെടുത്തു.

**അടിക്കുറിപ്പ്**

**(1) എം.ജി. സർവ്വകലാശാലയിൽ നടന്ന വിദ്യാർത്ഥി അദാലത്തിൽ വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ലക്ഷദ്വീപ് സ്വദേശിയും മഹാരാജാസ് കോളേജ് വിദ്യാർത്ഥിനിയുമായ സജ്നാ മറലിന്റെ പരാതി പരിഹരിച്ച് ഉത്തരവ് കൈമാറുന്നു**

**(2) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന വിദ്യാർത്ഥി അദാലത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സംസാരിക്കുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങൾ എന്നിവർ വേദിയിൽ**

## പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്ന ഗവേഷണം കാലഘട്ടത്തിന്റെ ആവശ്യമെന്ന് പ്രൊഫ. സി. രവീന്ദ്രനാഥ്

പ്രകൃതിയുടെ സംതുലനാവസ്ഥ നിലനിർത്താനുതകുന്ന ഗവേഷണമാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന് വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളിക്യുലാർ ആന്റ് എഞ്ചിനീയറിംഗ് സംഘടിപ്പിച്ച ത്രിദിന അന്തർദ്ദേശീയ സ്പെക്ട്രോസ്കോപ്പി ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകുന്ന സാങ്കേതികവിദ്യയും ഗവേഷണവുമാണ് ഇന്നിന്റെ ആവശ്യമെന്ന് നൂറിലധികം പ്രശസ്ത ശാസ്ത്രജ്ഞരും പങ്കെടുത്ത സദസ്സിനെ മന്ത്രി ഓർമ്മിപ്പിച്ചു. സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. കോൺഫറൻസ് ചെയർമാനും പ്രോവൈസ് ചാൻസലറുമായ പ്രൊഫ. സാബു തോമസ് ആമുഖപ്രഭാഷണം നടത്തി. അമേരിക്കൻ ശാസ്ത്രജ്ഞരായ പ്രൊഫ. റിച്ചാർഡ് ജെ സ്പൊന്റാക്കിനെയും പ്രൊഫ. ഉമ്മൻ കെ വർഗീസിനെയും ചടങ്ങിൽ ആദരിച്ചു. സെന്റർ ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ സ്വാഗതവും ഡോ. ജിയ ജോസ് കൃതജ്ഞതയും അർപ്പിച്ചു. നാളെ അവസാനിക്കുന്ന ത്രിദിന ശില്പശാലയിൽ സ്പെക്ട്രോസ്കോപ്പിയുടെ നൂതനസാദ്ധ്യതകളെ ശാസ്ത്രസമൂഹത്തിന് പരിചയപ്പെടുത്തുന്ന പ്രഭാഷണങ്ങളും പ്രദർശനങ്ങളും നടക്കും.

**അടിക്കുറിപ്പ്**
**മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളിക്യുലാർ ആന്റ് എഞ്ചിനീയറിംഗ് സംഘടിപ്പിച്ച സ്പെക്ട്രോസ്കോപ്പി ശില്പശാല വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു**

## പുതുക്കിയ പരീക്ഷാതീയതി

ഡിസംബർ 1ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകളുടെ പുതുക്കിയ തീയതി പ്രഖ്യാപിച്ചു. നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് (2013 അഡ്മിഷൻ റഗുലർ & 2008 മുതൽ 2012 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 12നും മൂന്നാം സെമസ്റ്റർ എം.എഡ്.

(ദ്വിവർഷം 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി), മൂന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി (2014 അഡ്മിഷൻ റഗുലർ) പരീക്ഷകൾ 14നും സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷ 15നും ഒന്നും രണ്ടും സെമസ്റ്റർ ബി.എ. ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്.എസ്., റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ 18നും മൂന്നാം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷ 19നും ഒന്നാം വർഷ ബി.പി.ഇ. (ആനുവൽ സ്കീം, 2013ന് മുമ്പുള്ള അഡ്മിഷൻ) 22നും മൂന്നാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി & 2012 അഡ്മിഷൻ ഒന്നാം മേഴ്സി ചാൻസ്) പരീക്ഷ ജനുവരി 4നും നടത്തും. പരീക്ഷാസമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

**അപേക്ഷാ തീയതി**

ഏഴാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2014 അഡ്മിഷൻ റഗുലർ), അഞ്ചാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഡിസംബർ 20, ഡിസംബർ 22 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 12 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്.സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ ആന്റ് ബി.എഫ്.ടി. (സി.ബി.സി.എസ്.എസ്. - യു.ജി. - റഗുലർ/സപ്ലിമെന്ററി/റീ അപ്പിയറൻസ്, 2013 മുതൽ അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 12 മുതൽ വിവിധ കോളേജുകളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 22 വരെ അപേക്ഷിക്കാം.

**ബി.ടെക് മൂല്യനിർണ്ണയം : പ്രിൻസിപ്പൽമാരുടെ യോഗം**

2017 നവംബറിൽ നടത്തിയ ബി.ടെക് പരീക്ഷകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച ചർച്ചകൾക്കായി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം ഡിസംബർ 12ന് രാവിലെ 11 മണിക്ക് സർവ്വകലാശാലാ ഭരണവിഭാഗത്തിലെ സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്. സർവ്വകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരും യോഗത്തിൽ പങ്കെടുക്കണം.

**എം.ജി.യിൽ സാങ്കേതിക സംഗമത്തിന് തുടക്കം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെയും കമ്പ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന 22-ാമത് വാർഷിക സാങ്കേതിക സംഗമം - ഇന്റർഫെയ്സ് 2017 സർവ്വകലാശാലാ കാമ്പസിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. കൊച്ചിയിലെ ഫ്രിൻജന്റ് ടെക്നോളജി സൊല്യൂഷൻസിലെ പി. പ്രദീപ് മുഖ്യപ്രഭാഷണം നടത്തി. കമ്പ്യൂട്ടർ സയൻസസ് വകുപ്പു മേധാവി ഡോ. അനൂജ് മുഹമ്മദ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അദ്ധ്യാപകരും വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും പങ്കെടുത്തു.

**അടിക്കുറിപ്പ്**
**മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെയും കമ്പ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന സാങ്കേതിക സംഗമം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**